## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## ആറാമത് റിപ്പോർട്ട്
**(2026-2027)**

## SIXTH REPORT ON THE SCRUTINY OF
## DEMANDS FOR GRANTS
## (2026-2027)

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February, 2026)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ആറാമത് റിപ്പോർട്ട്**

**(2026-2027)**

**SIXTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2026-2027)**

225/2026.

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI
# (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u> :

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൾ ഹമീദ്

ശ്രീ. ആന്റണി ജോൺ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

6-2-2026, 10-2-2026 തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എൻ. വാസവൻ,

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2026, ഫെബ്രുവരി 23.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

വോട്ട് ചെയ്തത് : 694.7289 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2425-00-107-59—സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ
4425-00-107-79 നൂതന പദ്ധതി

6425-00-107-68

ബഡ്ജറ്റ് വിഹിതം : 2425-00-107-59—10 കോടി രൂപ

4425-00-107-79—10 കോടി രൂപ

6425-00-107-68 — 15 കോടി രൂപ

ആകെ—35 കോടി രൂപ (പ്ലാൻ)

1) സമഗ്ര കാർഷിക വികസന പദ്ധതിപ്രകാരം സബ്സിഡി, ഓഹരി, വായ്പ എന്നീ കോംപോണന്റുകൾക്കായി 22 കോടി രൂപയുള്ള പ്രൊപ്പോസലുകൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക 2026-27 സാമ്പത്തിക വർഷം അനുവദിച്ച് നൽകേണ്ടതിനാലും കൂടാതെ അടുത്ത സാമ്പത്തിക വർഷത്തെ ചെലവുകൾക്കും ആയി ആകെ 51 കോടി രൂപ ആവശ്യമായി വരുമെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ 2425-00-107-59, 4425-00-107-79 ശീർഷകങ്ങളിൽ 6 കോടി രൂപ വീതവും 6425-00-107-68 ശീർഷകത്തിൽ 4 കോടി രൂപയും ചേർത്ത് ആകെ 16 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-47-31—പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമികൾക്കുള്ള ധനസഹായം - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 5.1358 കോടി രൂപ (നോൺ പ്ലാൻ)

2) കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുകയായി 44.99 കോടി രൂപ 5 ഗഡുക്കളായി 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 9 കോടി രൂപ വീതം കേപ്പിന് അനുവദിച്ച

നൽകിയിട്ടുണ്ടായിരുന്നു. 2026-27-ൽ ഈ തുകയുടെ കുറവ് പരിഹരിക്കുന്നതിനും 1 കോടി രൂപ ഇൻക്രിമെന്റിനും 5 കോടി രൂപ വർഷങ്ങളായി കുടിശ്ശികയുള്ള, താൽക്കാലിക കരാർ ദിവസവേതനക്കാർക്ക് മിനിമം വേജസ് ഉൾപ്പെടെയുള്ള ചെലവുകൾക്കും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-001-96—സഹകരണ വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

3) സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരമായ സഹകരണഭവൻ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിന് 14.0042 കോടി രൂപ ആവശ്യമുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ ആകെ 2.50 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി ശീർഷകത്തിൽ മതിയായ തുക ഇല്ലാത്തതിനാൽ ഈ പ്രോജക്റ്റിന് ഇ-അനുമതി ലഭ്യമാകാത്ത സാഹചര്യമുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ സഹകരണ ഭവൻ നിർമ്മാണത്തിനായി 2026-27 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.5042 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6425-00-108-10—നബാർഡിന്റെ ആർ. ഐ. ഡി. എഫ്.- ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

4) നബാർഡ് RIDF പദ്ധതി പ്രകാരം 76 കോടി രൂപയുടെ വായ്പയ്ക്ക് കാപ്കോസിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രോജക്റ്റ് കോസ്റ്റ് വർദ്ധിച്ച സാഹചര്യത്തിൽ അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും 2025-26 സാമ്പത്തിക വർഷം 6.68 കോടി രൂപയാണ് കാപ്കോസിന് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. 2026-27 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10 കോടി രൂപ പദ്ധതി പൂർത്തീകരണത്തിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 6268.1080 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി.

ബഡ്ജറ്റ് വിഹിതം : 38.83 ലക്ഷം രൂപ (നോൺ പ്ലാൻ)

5) സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകളുടെ പ്രതിമാസ വാടക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പുതുതായി രൂപീകരിച്ച 14 താലൂക്ക് തല ഇൻസ്പെക്ടറാഫീസുകളുടെ വാടക, ഹൗസിംഗ് ബോർഡ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക, മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക മുതലായവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-21(2)—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം :4 ലക്ഷം രൂപ (നോൺ പ്ലാൻ)

6) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി പരിശോധനകൾ നടത്തുന്നതിനായി സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കും മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക നൽകുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 39.9 ലക്ഷം രൂപ (നോൺ പ്ലാൻ)

7) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി നടത്തുന്ന പരിശോധനകൾക്ക് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ച് വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

8) കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ലബോറട്ടറികളുടെയും ഓഫീസുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിപാലനത്തിനും, ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്റ്റാംപിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡ്സുകൾ, സ്റ്റാംപിംഗ് പ്ളയറുകൾ മുതലായവ വാങ്ങൽ, ഇലക്ട്രോണിക് ബാലൻസുകൾക്ക് സ്പെഷ്യൽ സീലിംഗ് ടാഗുകൾ, കൊല്ലം ലീഗൽ മെട്രോളജി ഭവനിൽ ഫെൻസിങ് സ്ഥാപിക്കൽ, കാക്കനാട് ലീഗൽ മെട്രോളജി ഭവനിലെ ഇലക്ട്രിക്കൽ പാനൽ ബോർഡ് മാറ്റി സ്ഥാപിക്കൽ, പുതിയ ജനറേറ്റർ, വാട്ടർ കൂളർ സ്ഥാപിക്കൽ, വിവിധ ഇ-ഗവേണൻസ് പ്രോജക്ടുകൾ മുതലായ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 6.46 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ആകെ 4 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-90-91— പരിശീലന പരിപാടി - പരിശീലനം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

9) ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവ വികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഒ.ഐ.എം.എൽ ശിപാർശയ്ക്കനുസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളായ നാഷണൽ ഫിസിക്കൽ ലബോറട്ടറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ സ്റ്റാൻഡേർഡൈസേഷൻ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻഷ്യൽ മാനേജ്മെന്റ്, ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്താനും, തൊഴിൽ നൈപുണ്യം, മനോഭാവം, നിർവ്വഹണശേഷി എന്നിവ ഉയർത്തുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

ബഡ്ജറ്റ് വിഹിതം : 2.01 കോടി രൂപ (പ്ലാൻ)

10) കോട്ടയം ജില്ലയിൽ ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച വകയിൽ അനുവദിക്കാനുള്ള തുകയായ 1.2 കോടി രൂപ, കാസർഗോഡ് ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണ പൂർത്തീകരണത്തിന് ആവശ്യമായ 1.5 കോടി രൂപ, പട്ടം ലീഗൽ മെട്രോളജി ഭവനിൽ സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് അറ്റകുറ്റപ്പണികൾ മുതലായ വർക്കുകൾക്ക് ആവശ്യമായ 30 ലക്ഷം രൂപ ഉൾപ്പെടെ ആകെ 3 കോടി രൂപ ആവശ്യമാണെന്നും നിലവിൽ 2.01 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് എന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

വോട്ട് ചെയ്തത് : 2233.6367 കോടി രൂപ

ചാർജ് ചെയ്തത് : ഇല്ല

2408-01-001-99—താലൂക്ക് സപ്ലൈ ഓഫീസുകൾ /സിറ്റി റേഷനിംഗ് ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 133.8419 കോടി രൂപ (നോൺ പ്ലാൻ)

11) സംസ്ഥാനത്ത് 78 താലൂക്ക് സപ്ലൈ ഓഫീസുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ 2 വീതം ആകെ 6 സിറ്റി റേഷനിങ് ഓഫീസുകളും ഉൾപ്പെടെ ആകെ 84 ഓഫീസുകളിലായി 1329 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ശമ്പളം, യാത്രപ്പടി, അവധി യാത്ര ആനുകൂല്യം, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി

നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 83.05 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 742 കോടി രൂപ (നോൺ പ്ലാൻ)

12) സംസ്ഥാനത്തെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2026-27 സാമ്പത്തിക വർഷം സംഭരിക്കാൻ ഉദ്ദേശിക്കുന്ന 6.29 ലക്ഷം മെട്രിക് ടൺ നെല്ലിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ 63.10 രൂപ/kg നിരക്കിൽ 441.7 കോടി രൂപ ചെലവ് വരുന്നതാണെന്നും ഇതിനു പുറമെ പലിശ ഇനത്തിൽ 60 കോടി രൂപയും, OTR ഇനത്തിൽ കുടിശ്ശികയുള്ള 316.44 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 818.14 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 76.14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-94-(03)-33—റേഷൻ സബ്സിഡി-റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ -സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 261 കോടി രൂപ (നോൺ പ്ലാൻ)

13) അന്തർ സംസ്ഥാന റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ അനുബന്ധ ചെലവിനത്തിൽ മൊത്തം 371 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 261 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. അതിനാൽ ഈ ശീർഷകത്തിൽ 110 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം :315 കോടി രൂപ (നോൺ പ്ലാൻ)

14) പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ 1522-ൽ പരം വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ശരാശരി 15% വരെ ഡിസ്കൗണ്ടിൽ മരുന്നുകൾ വിൽക്കാൻ 87 ചില്ലറ മരുന്ന് വിൽപനശാലകൾ സംസ്ഥാനത്തുടനീളം തുറന്നു പ്രവർത്തിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് 25% ഡിസ്കൗണ്ടിലാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. 5 മെഡിക്കൽ മൊത്ത വ്യാപാര ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു. സപ്ലൈകോ നടത്തി വരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തുന്നത്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 30 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ടെന്നും 2026-27 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് 360 കോടി രൂപ ചെലവ് പ്രതിക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 45 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-190-92—സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കൽ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

15) സംസ്ഥാനത്തൊട്ടാകെ സപ്ലൈകോയുടെ കീഴിലുള്ള 1522 ചില്ലറ വിൽപ്പന ശാലകളിൽ നിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുമുള്ളതുമായ സേവനം നൽകുക എന്ന ഉദ്ദേശത്തോടെ എല്ലാ വിൽപ്പനശാലകളും കാലാനുസൃതമായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം വില്പനശാല നവീകരണത്തിനായി 100 വില്പനശാലകൾ തിരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനു പുറമെ മുൻ വർഷങ്ങളിൽ വില്പനശാല നവീകരണം നടത്തിയ വകയിൽ 4.24 കോടി രൂപ നിലവിൽ സപ്ലൈകോയ്ക്ക് ലഭിക്കുവാനുണ്ടെന്നും അതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, വില്പനശാല നവീകരണത്തിനായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-99—കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ് വകുപ്പ്

ബഡ്ജറ്റ് വിഹിതം : 20.3309 കോടി രൂപ (നോൺ പ്ലാൻ)

16) സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സിവിൽ സപ്ലൈസ് കമ്മീഷണർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺട്രോളർ ഓഫ് റേഷനിങ്,

ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, മൂന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ, വിജിലൻസ് ഓഫീസർ, ലാ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾപ്പെടെ ആകെ 160 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാ ബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 23.72 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-98—മേൽ നോട്ടം-റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്

ബഡ്ജറ്റ് വിഹിതം : 2.5403 കോടി രൂപ (നോൺ പ്ലാൻ)

17) കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ രണ്ട് മേഖലാ ഓഫീസുകളിൽ ജോലി ചെയ്യുന്ന 18 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാബത്ത എന്നിവയ്ക്കും ഓഫീസിന്റെ പ്രവർത്തന ചെലവുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-97—ജില്ലാ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 28.1047 കോടി രൂപ (നോൺ പ്ലാൻ)

18) സിവിൽ സപ്ലൈസ് വകുപ്പിന്റെ 14 ജില്ലാ സപ്ലൈ ഓഫീസുകളിലായി ജോലി ചെയ്യുന്ന ആകെ 271 ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രപ്പടി, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 16.35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-80—ദേശീയ ഭക്ഷ്യസുരക്ഷ നിയമത്തിനുകീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യകമ്മീഷൻ ജില്ലാ പരാതി പരിഹാര ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 2.1832 കോടി രൂപ (നോൺ പ്ലാൻ)

19) സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ ജോലി ചെയ്തുവരുന്ന ചെയർമാൻ, മെമ്പർ സെക്രട്ടറി, കമ്മീഷൻ അംഗങ്ങൾ, സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായിട്ടുള്ള 15 ജീവനക്കാർ എന്നിവരുടെ ശമ്പളം, യാത്രാബത്ത, അവധി യാത്രാനുകൂല്യം, മറ്റു ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 5.7 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം : 42.50 കോടി രൂപ (പ്ലാൻ)

20) ഈ-പോസ് സിം ചാർജ്ജും, തെർമൽ പേപ്പർ റോൾ ചാർജ്ജും, ഇ-പോസ് മെഷീനുകളുടെ വാർഷിക മെയിന്റനൻസ് ചാർജ്ജുകളും എന്ന ഘടകത്തിനായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 7.7916 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-77—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം.

ബഡ്ജറ്റ് വിഹിതം : 2.25 കോടി രൂപ (പ്ലാൻ).

21) 3456-00-001-77 എന്ന ശീർഷകത്തിൽ Infrastructure for Civil Supplies Department-Paperless office/eOffice Implementation of HRM software etc., in Civil Supplies department ഓഫീസ് എന്ന പദ്ധതി ഘടകത്തിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളൂ എന്നും 2025-26 സാമ്പത്തികവർഷം നൽകാൻ സാധിക്കാതിരുന്ന HRM software-ന്റെ 17 ലക്ഷത്തോളം രൂപ 2026-27 സാമ്പത്തിക വർഷം നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ അധികമായി 20 ലക്ഷം രൂപയും കൂടാതെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ പുതിയ വാഹനം വാങ്ങുന്നതിലേയ്ക്കായി അനുവദിച്ചിട്ടുള്ള 2.05 കോടി രൂപ വിനിയോഗിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ, ഔദ്യോഗിക വാഹനം ഇല്ലാത്തതും കണ്ടം ചെയ്തതുമായ എല്ലാ താലൂക്കുകളിലും പുതിയ വാഹനം വാങ്ങാൻ സാധിക്കില്ലെന്നതിനാൽ ഒരു വാഹനത്തിന് ഏകദേശം 8,28,000 രൂപ നിരക്കിൽ 49 വാഹനമില്ലാത്ത താലൂക്കുകളിലേയ്ക്ക് 3456-00-001-77-21-(1) PV എന്ന ശീർഷകത്തിൽ അധികമായി 2.01 കോടി രൂപയും ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ ആകെ

2.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-75—സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ കമ്മീഷനുകളും

ബഡ്ജറ്റ് വിഹിതം :1.49 കോടി രൂപ (പ്ലാൻ).

31.8332 കോടി രൂപ (നോൺ പ്ലാൻ).

22) ശ്രീ. C. K. മിത്രൻ ഫയൽ ചെയ്തിട്ടുള്ള WP(C) No. 22325/2021 നമ്പർ കേസുമായി ബന്ധപ്പെട്ട്, സംസ്ഥാന കമ്മിഷന്റെയും, ജില്ലാ കമ്മീഷനുകളുടെയും കമ്പ്യൂട്ടറും, വീഡിയോ കോൺഫറൻസിംഗിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം SDG മുഖേന ₹1,76,54,251 രൂപ അനുവദിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും സംസ്ഥാന/ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ, CCTV സ്ഥാപിക്കൽ എന്നിവയ്ക്കായി പ്ലാൻ ഹെഡിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 1.49 കോടി രൂപ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സംസ്ഥാന/ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലെ നോൺ പ്ലാൻ ഹെഡ്ഡുകളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാ ബത്ത, അവധി യാത്ര ആനുകൂല്യം, മറ്റ് ഓഫീസ് ചെലവുകൾ എന്നീ ഘടകങ്ങൾക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമാണെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ പ്ലാൻ വിഹിതം 2.5 കോടി രൂപയും നോൺ പ്ലാൻ വിഹിതം 18.5 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ (കോർപ്പസ് ഫണ്ട്)

ബഡ്ജറ്റ് വിഹിതം : 80.52 ലക്ഷം രൂപ (പ്ലാൻ).

23) 2026-27 സാമ്പത്തിക വർഷത്തിലേക്ക് ഇതിനകം ആസൂത്രണം ചെയ്തിട്ടുള്ള വിവിധങ്ങളായ നൂതന പദ്ധതികൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-001-99—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ).

24) ഇടുക്കി ജില്ലയിലെ സപ്ലൈകോ ഗോഡൗണിന്റെ മുകളിൽ യാതൊരു സൗകര്യങ്ങളും ഇല്ലാതെ പ്രവർത്തിച്ച് വരുന്ന പീരുമേട് താലൂക്ക് സപ്ലൈ ഓഫീസിനുവേണ്ടി വകുപ്പിന് സ്വന്തമായി ലഭ്യമായിട്ടുള്ള സ്ഥലത്ത് ഓഫീസ് കെട്ടിടം പണിയാനായി പ്രാരംഭ ഘട്ടത്തിൽ 2 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപയ്ക്ക് പുറമേ 1.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-101-92—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 4.32 കോടി രൂപ (പ്ലാൻ).

25) Weighing Machine Generator & Computers എന്ന 1.20 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഘടകത്തിന് നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും CCTV for NFSA Godowns എന്ന മൊത്തം 3.15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഘടകത്തിന് നിലവിൽ 100 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും ICT - infrastructure and connectivity-Various offices including Commissionerate of Civil Supplies എന്ന പദ്ധതി ഘടകത്തിന് 1.24 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, യുപിഎസ്, പ്രിന്റർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനും, BSNL CUG SIM, BSNL Leased line എന്നിവയ്ക്ക് വേണ്ടിയും ഈ തുകയാണ് വിനിയോഗിക്കുന്നതെന്നും പൊതുവിതരണ ഉപഭോക്തൃ വകുപ്പിലെ 83 താലൂക്ക്, സിറ്റി റേഷനിംഗ് ഓഫീസുകളിലെ 335 റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 2018-ൽ വാങ്ങി നൽകിയ ലാപ്ടോപ്പുകൾ എല്ലാം തകരാറിലായതിനാൽ 2026-27 സാമ്പത്തിക വർഷം പുതിയ ലാപ്ടോപ്പുകൾ വാങ്ങുന്നതിലേക്ക് ഒരു ലാപ്ടോപ്പിന് ഏകദേശം 45,000 രൂപ നിരക്കിൽ ആകെ 1.6 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി വിലയിരുത്തുന്നു. അതിനാൽ പ്രസ്തുത പദ്ധതി ഘടകങ്ങൾക്കായി 4408-01-101-92 എന്ന ശീർഷകത്തിൽ 4.95 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-103-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1.2144 കോടി രൂപ (പ്ലാൻ).

26) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI)-യുടെ പുതുക്കിയ മാനദണ്ഡപ്രകാരം ഭക്ഷ്യസാമ്പിളുകളിലെ അനുവദനീയമായ അളവിൽ ഉപയോഗിക്കാവുന്ന കീടനാശിനികളുടെ പരിശോധന നടത്തുന്നതിന് അനിവാര്യമായ GGMSMS എന്ന ഉപകരണം വാങ്ങുന്നതിന് ആവശ്യമായ 200 ലക്ഷം രൂപയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 6 ലക്ഷം രൂപയ്ക്ക് പുറമെ 194 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലബോറട്ടറിയുടെ മൈക്രോബയോളജി ലാബ് 60 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടത്തിന്റെ അത്യാവശ്യ ജോലികൾ ചെയ്ത് പുതുക്കിയാണ് 2008 മുതൽ പ്രവർത്തിക്കുന്നതെന്നും ഇപ്പോൾ ഈ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും ഫാൾസ് സീലിംഗ് ഇളകിയ നിലയിലും, പല മുറികളും മഴസമയത്ത് ചോർന്നൊലിക്കുന്നതും ഇലക്ട്രിക് വയറിംഗുകളും വാതിലുകളും മുഴുവൻ തകരാറിലായതുമായ അവസ്ഥയിലാണെന്നതിനാൽ മെഷീനറികളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും കൂടാതെ ലബോറട്ടറിയുടെ കെമിക്കൽ വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ റിപ്പയർ, മെയിന്റനൻസ്, പെയിന്റിംഗ് ജോലികളും അടിയന്തരമായി ചെയ്യേണ്ടതിനാലും 80 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ബാക്കി 74 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഭക്ഷ്യപദാർത്ഥങ്ങളിലെ ഹെവി മെറ്റൽസ് പരിശോധിക്കുന്നതിനായി മൈക്രോവേവ് ഡൈജസ്റ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമുള്ള 26 ലക്ഷം രൂപയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 6 ലക്ഷം രൂപയ്ക്ക് പുറമെ 20 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതി കാണുന്നു. കൂടാതെ എഫ്.ക്യു.എം.എൽ.-ൽ സാമ്പിൾ പരിശോധനകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഉപകരണങ്ങളുടെ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് NABL നിർദ്ദേശിക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ കാലോചിതമായ അപ്ഗ്രഡേഷൻ, വാർഷിക മെയിന്റനൻസ്, സ്പെയർ പാർട്സ് മാറ്റിവെക്കൽ എന്നിവയ്ക്കും റീഏജന്റുകളുടെ വാങ്ങലിനുമായി 45 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 6 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ബാക്കി 39 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ, പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ ആകെ 3.27 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-101-99—<u>ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

ബഡ്ജറ്റ് വിഹിതം : 21.5 കോടി രൂപ (പ്ലാൻ).

27) സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപ സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 11.50 കോടി രൂപ എന്നിങ്ങനെ 4408-02-101-99 ശീർഷകത്തിൽ ആകെ 21.5 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് മൊത്തം 11.84 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത പദ്ധതി ഘടകത്തിൽ 1.84 കോടി രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>അതിനാൽ, ഈ ശീർഷകത്തിൽ 1.84 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**വി. എൻ. വാസവൻ,**

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.